**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1245** **14-03-2022 - ൽ മറുപടിയ്ക്ക്**

**റസ്പോൺസിബിൾ ടൂറിസം മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ റസ്പോൺസിബിൾ ടൂറിസം മിഷനിൽ (തിരുവനന്തപുരം) നേരിട്ട് ലഭിച്ച പുതിയ യൂണിറ്റ്, ആർട്ടിസ്റ്റ് (Artiste) രജിസ്ട്രേഷൻ അപേക്ഷകളുടെ എണ്ണം എത്രയാണ് ;അതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട് ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റ് ആയി രജിസ്റ്റർ ചെയ്യുന്നതിന് തിരുവനന്തപുരം ജില്ലയിൽ നിന്നും ലഭിച്ചിട്ടുള്ള ആകെ അപേക്ഷകൾ 17എണ്ണം ആണ്. ഇതിൽ ആർട്ടിസ്റ്റ് രജിസ്ട്രേഷൻ അപേക്ഷകളായി ലഭിച്ച 3 എണ്ണവും മറ്റ് അപേക്ഷകളിൽ 2 എണ്ണവും ഓൺലൈൻ ആയി രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റു യൂണിറ്റുകളുടെ ഓൺലൈൻ രജിസ്ട്രേഷൻ നടന്നു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ റസ്പോൺസിബിൾ ടൂറിസം മിഷനിൽ (തിരുവനന്തപുരം) നേരിട്ട് ലഭിച്ച അപേക്ഷകളിൽ പുതിയ യൂണിറ്റിന്റെയും ആർട്ടിസ്റ്റ് (Artiste) രജിസ്ട്രേഷന്റെയും തീർപ്പാക്കാത്ത അപേക്ഷകരുടെ ലിസ്റ്റ് നൽകാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ റസ്പോൺസിബിൾ ടൂറിസം മിഷനിൽ (തിരുവനന്തപുരം) നേരിട്ട് ലഭിച്ച അപേക്ഷകളിൽ പുതിയ യൂണിറ്റിന്റെയും ആർട്ടിസ്റ്റ് (Artiste) രജിസ്ട്രേഷന്റെയും തീർപ്പാക്കാത്ത അപേക്ഷകരുടെ ലിസ്റ്റ് അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റസ്പോൺസിബിൾ ടൂറിസം മിഷനിൽ (തിരുവനന്തപുരം) നേരിട്ട് ലഭിച്ച എത്ര അപേക്ഷകളാണ് പുതിയ ഓൺലൈൻ പോർട്ടലിൽ ഉൾപ്പെടുത്തിയത്; ഉൾപ്പെടുത്തിയ അപേക്ഷകരുടെ പേര് വിവരങ്ങൾ നൽകാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റസ്പോൺസിബിൾ ടൂറിസം മിഷനിൽ (തിരുവനന്തപുരം) നേരിട്ട് ലഭിച്ച 5 അപേക്ഷകൾ ആണ് ഓൺലൈൻ ആയി ഉൾപ്പെടുത്തിയിട്ടുള്ളത്. വിവരം അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. |
| (ഡി) | റസ്പോൺസിബിൾ ടൂറിസം മിഷനിൽ പുതിയ യൂണിറ്റ്, ആർട്ടിസ്റ്റ് (Artiste) രജിസ്ട്രേഷൻ എന്നിവയ്ക്കുള്ള ഓൺലൈൻ സംവിധാനം പ്രവർത്തനം ആരംഭിച്ചത് എന്ന് മുതലാണ്; ഈ കാലയളവിൽ നേരിട്ട് ലഭിച്ച എത്ര അപേക്ഷകൾ ആണ് ഓൺലൈൻ പോർട്ടലിൽ ഉൾപ്പെടുത്തിയത്? | (ഡി) | റസ്പോൺസിബിൾ ടൂറിസം മിഷനിൽ പുതിയ യൂണിറ്റ്, ആർട്ടിസ്റ്റ് (Artiste) രജിസ്ട്രേഷൻ എന്നിവയ്ക്കുള്ള ഓൺലൈൻ സംവിധാനം പ്രവർത്തനം ആരംഭിച്ചത് 2018 മാർച്ച് മാസം ആണ്. ഇതുവരെ സംസ്ഥാന ഓഫീസിലും, വിവിധ ജില്ലാ ഓഫീസുകളിലും ആയി ലഭിച്ച വിവിധ യൂണിറ്റ് അപേക്ഷകൾ 23400 ആണ്. മിഷന്റെ വിവിധ പോർട്ടലുകളിൽ ഓൺലൈനായി ഇതുവരെ രജിസ്റ്റർ ചെയ്തിരിക്കുന്ന യൂണിറ്റുകളുടെ എണ്ണം 16983ആണ്. വിവിധ ജില്ലകളിലായി ബാക്കിയുള്ള അപേക്ഷകളുടെ |

| | | | |
|---|---|---|---|
| | | | ഓൺലൈൻ രജിസ്ട്രേഷൻ പുതുക്കിയ ഓൺലൈൻ പോർട്ടൽ പ്രവർത്തന സജ്ജമാകുന്ന മുറക്ക് പൂർത്തിയാക്കുകയും യൂണിറ്റ് രജിസ്ട്രേഷൻ പൂർത്തിയാക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം (2)

| Sl No | Name of the Unit | Type of Unit | Products/Services |
|---|---|---|---|
| 1 | Syamlal S | Single | Kalari |
| 2 | RNS KalariSangham | Group | Kalari |
| 3 | KalakayikaBodhini Kathakali Vidhyalam | Group | Kathakali |
| 4 | Dr. Gowthaman R D | Group | Kalarippayattu, Yoga Training , Ayurveda |
| 5 | Syamlal S | Single | Yoga Trainer |

സെക്ഷൻ ഓഫീസർ